"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - "JJM - Aryanadu and Uzhamalakkal panchayaths- Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9LL OHSR at Pallivetta - Pipeline Work" എന്ന ജൽ ജീവൻ മിഷൻ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.25/2025/WRD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 134/2022/ജ.വി.വ തീയതി 23.02.2022.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 23/10/2024 തീയതിയിലെ KWA-JB/6771/2024-AEE7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

"JJM - Aryanadu and Uzhamalakkal panchayaths- Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9 LL OHSR at Pallivetta - Pipeline Work" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. "Clear water pumping main of 7950 m of 200 mm DI K9 pipe and 7500 m of 300 mm DI K9 pipe" എന്ന പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 13 കോടിയുടെ സാങ്കേതിക അനുമതി നൽകുകയും, തുടർന്ന് 11,01,43,708.17/- രൂപ Tendered PAC ആയി നാല് തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി പലതവണ ദീർഘിപ്പിച്ചു നൽകിയതിനു ശേഷവും ആരും ദർഘാസിൽ പങ്കെടുത്തില്ല. പ്രവൃത്തിയുടെ വ്യാപ്തി പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് പുന:രൂപകൽപ്പന ചെയ്ത് ദർഘാസ് ക്ഷണിച്ചെങ്കിലും, ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി മൂന്ന് തവണ ദീർഘിപ്പിച്ചു നൽകിയിട്ടും ആരും പങ്കെടുത്തില്ല.

2. Bidders- ന്റെ കൂടുതൽ പങ്കാളിത്തം ലഭിക്കുന്നതിനായി പ്രവൃത്തി വിഭജിച്ച് എസ്റ്റിമേറ്റ് വീണ്ടും പരിഷ്കരിച്ചു. അതനുസരിച്ച് ശുദ്ധജല പമ്പിംഗ് മെയിനിന്റെ എസ്റ്റിമേറ്റ് മൂന്ന് പാക്കേജുകളായി വിഭജിച്ചു. Clear water pumping main of 7200 m of 300 mm DI K9 pipe ഉൾപ്പെടുന്ന പാക്കേജാണ് ഈ പ്രവൃത്തി. പ്രസ്തുത പ്രവൃത്തിയ്ക്ക് 27.02.2024 തീയതിയിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകുകയും, ജി.എസ്.റ്റി ഒഴിവാക്കി 4,50,27,010/- രൂപ Tendered PAC ആയി ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുത്തില്ല. ആദ്യ പുന:ദർഘാസിൽ, ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി മൂന്ന് തവണ ദീർഘിപ്പിച്ചു നൽകിയതിനു ശേഷം, "ശ്രീ. ശ്രീകുമാർ. എസ്, അശ്വതി, പാലൂർക്കോണം, പാറശ്ശാല, തിരുവനന്തപുരം" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 5,97,86,123.94/- രൂപ ദർഘാസ് തുകയായ 4,50,27,010/- രൂപ രൂപയേക്കാൾ 32.78%

കൂടുതലായിരുന്നു എന്നും, കരാറുകാരനുമായി negotiation നടത്തിയതിനെ തുടർന്ന് കരാറുകാരനിൽ നിന്നും ലഭിച്ച negotiated amount, Tendered PAC- യേക്കാൾ 31.76% അധികരിച്ച 5,93,29,263/- രൂപയാണെന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും Current DsoR+10% നിരക്കുമായ 4,95,29,711/- രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

4. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ ഒഴികെയുള്ള പ്രസ്തുത പദ്ധതിയുടെ മറ്റെല്ലാ ഘടകങ്ങളും ഇതിനകം ക്രമീകരിച്ചിട്ടുണ്ടെന്നും, എന്നാൽ ആവർത്തിച്ചുള്ള ദർഘാസ് ക്ഷണിച്ചിട്ടും ആരും ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന്റെ ദർഘാസിൽ പങ്കെടുത്തില്ലായെന്നും, തുടർന്ന് Components മൂന്ന് പാക്കേജുകളായി തിരിക്കുകയാണുണ്ടായതെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ പ്രത്യേക പാക്കേജിൽ 300mm DI K9 പൈപ്പിന്റെ 7200 മീറ്റർ വിതരണവും സ്ഥാപിക്കലും ഉൾപ്പെടുന്നു. ഈ ജോലിയിൽ 300mm DI പൈപ്പ് ആണ് പ്രധാന ഘടകമെന്നും, ഇത് ഈ ജോലിയുടെ ചെലവിന്റെ ഉയർന്ന ഭാഗത്തിന് കാരണമാകുന്നുവെന്നും, എസ്റ്റിമേറ്റ്, പ്രാദേശിക വിപണി നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വിപണിയിൽ DI പൈപ്പിന്റെ നിരക്ക് കൂടുതലാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വസ്തുതകളുടെ അടസ്ഥാനത്തിൽ Single bidder-ൽ നിന്ന് ലഭിച്ച ഓഫർ പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ കേസ് അഞ്ചിൽ കൂടുതൽ പ്രാവശ്യം ടെണ്ടർ ചെയ്തിട്ടുള്ളതും പലതവണ എക്സ്റ്റൻഷൻ നൽകിയിട്ടുള്ളതും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും ടെണ്ടർ വിളിച്ചിട്ടുള്ളതുമാണ്. കൂടാതെ ടോളറൻസ് ലിമിറ്റിനേക്കാൾ ലോക്കൽ മാർക്കറ്റ് റേറ്റിന് വലിയ വ്യത്യാസം കാണുന്നില്ല എന്നത് PRICE സംവിധാനത്തിൽ എൽ.എം.ആർ നിശ്ചയിക്കുന്നതിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടുന്നു. ടിയാൻ ഇതിനകം തന്നെ നെഗോഷ്യയേഷൻ നടത്തി തുക കുറച്ചിട്ടുള്ളതാണെന്നും, ഇനിയും കുറയ്ക്കാൻ ടിയാൻ തയ്യാറല്ലായെന്നും, ഈ പ്രവൃത്തി മറ്റ് പ്രവൃത്തികളുടെ കൂടെ ഭാഗമായതിനാൽ സ്കീം ഫംഗ്ഷൻ ചെയ്യുന്നതിന് ടി പ്രവൃത്തിയുടെ ആവശ്യമുണ്ടെന്നും നിരീക്ഷിക്കുകയുണ്ടായി.

6. പ്രസ്തുത സാഹചര്യത്തിൽ "JJM - Aryanadu and Uzhamalakkal panchayaths- Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9LL OHSR at Pallivetta - Pipeline Work" എന്ന ജൽ ജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച single bidder ആയ "ശ്രീ. ശ്രീകുമാർ. എസ്, അശ്വതി, പാലൂർക്കോണം, പാറശ്ശാല, തിരുവനന്തപുരം" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 31.76% അധികരിച്ച തുകയായ 5,93,29,263/- രൂപയ്ക്ക് (അഞ്ച് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി ഇരുനൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 26.03.2025-ലെ ഇനം. 2819 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു- സി1/260/2024-ധന)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Khadeeja Alungal**
**Date: 28-03-2025 09:59:38**

സെക്ഷൻ ഓഫീസർ

പകർപ്പ്:- ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 26-03-2025**

ഫയൽ നം. ഡബ്ല്യൂ.എസ്.- ബി1/231/2024/ജ.വി.വ. ഇനം നം: 2819

വിഷയം : ജലവിഭവ വകുപ്പ് - "JJM - Aryanadu and Uzhamalakkal panchayaths - Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9 LL OHSR at Pallivetta - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 31.76% അധികരിച്ച 5,93,29,263/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

US (B)
27/3/25
S.S

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു. എസ്- ബി1/231/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "JJM – Aryanadu and Uzhamalakkal panchayaths- Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9LL OHSR at Pallivetta - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 31.76% അധികരിച്ച 5,93,29,263/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/02/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.03.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 19.03.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.03.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"JJM - Aryanadu and Uzhamalakkal panchayaths- Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9LL OHSR at Pallivetta - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 31.76% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് 23.02.2022 തീയതിയിലെ സ.ഉ (സാധ) നം. 134/2022/ജ.വി.വ പ്രകാരം 146.39 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. "clear water pumping main of 7950 m of 200 mm DI K9 pipe and 7500 m of 300 mm DI K9 pipe" എന്ന പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 13 കോടിയുടെ സാങ്കേതിക അനുമതി നൽകുകയുണ്ടായി. 11,01,43,708.17/- രൂപ Tendered PAC ആയി നാല് തവണ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി പലതവണ ദീർഘിപ്പിച്ചു നൽകിയിട്ടും പ്രസ്തുത ദർഘാസിൽ ആരും പങ്കെടുത്തില്ല. പ്രവൃത്തിയുടെ വ്യാപ്തി പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് പുനഃരൂപകൽപ്പന ചെയ്ത് ദർഘാസ് ക്ഷണിച്ചെങ്കിലും, ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി മൂന്ന് തവണ ദീർഘിപ്പിച്ചു നൽകിയിട്ടും ആരും പങ്കെടുത്തില്ല.

3. അതിനാൽ bidders- ന്റെ കൂടുതൽ പങ്കാളിത്തം ലഭിക്കുന്നതിനായി പ്രവൃത്തി വിഭജിച്ച് എസ്റ്റിമേറ്റ് വീണ്ടും പരിഷ്കരിച്ചു. അതനുസരിച്ച് ശുദ്ധജല പമ്പിംഗ് മെയിനിന്റെ എസ്റ്റിമേറ്റ് മൂന്ന് പാക്കേജുകളായി വിഭജിച്ചു. Clear water pumping main of 7200 m of 300 mm DI K9 pipe ഉൾപ്പെടുന്ന പാക്കേജാണ് ഈ പ്രവൃത്തി. സാങ്കേതിക അനുമതി നൽകിയതിനുശേഷം, ജി.എസ്.റ്റി ഒഴിവാക്കി 4,50,27,010/- രൂപ Tendered PAC ആയി പ്രസ്തുത പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചു. ലോകസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി ഏഴ് തവണ ദീർഘിപ്പിച്ച

നൽകിയിരുന്നുവെങ്കിലും ആരും ദർഘാസ് സമർപ്പിച്ചില്ല. ആദ്യ പുനഃദർഘാസിൽ, ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി മൂന്ന് തവണ ദീർഘിപ്പിച്ചു നൽകിയതിനു ശേഷം, "ശ്രീ. ശ്രീകുമാർ. എസ്, അശ്വതി, പാലൂർക്കോണം, പാറശ്ശാല, തിരുവനന്തപുരം" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 32.78% അധികരിച്ച 5,97,86,123.94/- രൂപയാണ്.

4. ഐറ്റം റേറ്റ് കരാറായാണ് പ്രസ്തുത ദർഘാസ് ക്ഷണിച്ചത്. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിനും, ആയത് SOR+10% ടോളറൻസ് പരിധി, പ്രാദേശിക വിപണി നിരക്ക് ഇവയിൽ ഏതാണോ കുറവ് അതിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത പര്യവേക്ഷണം ചെയ്യുന്നതിനുമായി ടെണ്ടറിംഗ് അതോറിറ്റി കരാറുകാരനുമായി negotiation നടത്തുകയുണ്ടായി. കരാറുകാരനിൽ നിന്നും ലഭിച്ച negotiated amount, Tendered PAC ആയ 4,50,27,010/- രൂപയേക്കാൾ 31.76% അധികരിച്ച 5,93,29,263/- രൂപയാണ്.

താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

| | | |
|---|---|---|
| Negotiated Amount | - | Rs. 5,93,29,263/- (31.76 % above TPAC) |
| Local Market Rate | - | Rs. 5,10,66,339.83/- (13.41% above the TPAC) |
| Current DsoR+10% | - | Rs. 4,95,29,711/- |

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current DsoR+10% നിരക്കുമായ 4,95,29,711/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ. ഈ ജോലി നിരവധി തവണ ടെൻഡർ ചെയ്തിട്ടുണ്ടെന്നും എസ്റ്റിമേറ്റിന്റെ പുനഃനിർമ്മാണവും നടത്തിയിട്ടുണ്ടെന്നും Special Technical Committee നിരീക്ഷിച്ചു. പ്രസ്തുത പ്രവൃത്തിയിൽ DI പൈപ്പുകൾ ഉൾപ്പെടുന്നതിനാൽ, മികച്ച ഓഫർ ലഭിക്കാൻ സാധ്യതയില്ലെന്നും Special Technical Committee നിരീക്ഷിച്ചു.

താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| **Negotiated Amount -** Rs. 5,93,29,263/- | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 4,50,27,010/- | **31.76% Above** |
| Current SoR +10% amount | Rs. 4,95,29,711/- | **19.78% Above** |
| Local Market Rate | Rs. 5,10,66,339.83/- | **16.18% Above** |

6. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ ഒഴികെയുള്ള പ്രസ്തുത പദ്ധതിയുടെ മറ്റെല്ലാ ഘടകങ്ങളും ഇതിനകം ക്രമീകരിച്ചിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ആവർത്തിച്ചുള്ള ദർഘാസ് ക്ഷണിച്ചിട്ടും ആരും ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന്റെ ദർഘാസിൽ പങ്കെടുത്തില്ലായെന്നും, തുടർന്ന് Components മൂന്ന് പാക്കേജുകളായി തിരിക്കുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രത്യേക പാക്കേജിൽ 300mm DI K9 പൈപ്പിന്റെ 7200 മീറ്റർ വിതരണവും സ്ഥാപിക്കലും ഉൾപ്പെടുന്നു. ഏഴ് തവണ ദർഘാസ് നീട്ടിയതിനു ശേഷവും ആദ്യ ദർഘാസിൽ ഒരു ഓഫറും ലഭിച്ചില്ലായെന്നും, മൂന്നാമത്തെ പുനഃദർഘാസിൽ ഒരു ബിഡ് മാത്രമേ ലഭിച്ചുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ഈ ജോലിയിൽ 300mm DI പൈപ്പ് ആണ് പ്രധാന ഘടകമെന്നും, ഇത് ഈ ജോലിയുടെ ചെലവിന്റെ ഉയർന്ന ഭാഗത്തിന് കാരണമാകുന്നുവെന്നും, എസ്റ്റിമേറ്റ്, പ്രാദേശിക വിപണി നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വിപണിയിൽ DI പൈപ്പിന്റെ നിരക്ക് കൂടുതലാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7. ഈ സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം negotiate ചെയ്ത 5,93,29,263/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്തു.

8. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

*9. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:*

"AD is informed that in case AD/KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders then the single offer submitted by Sri.Sreekumar. S, Aswathy, Paloorkonam, Parassala, Trivandrum at his negotiated quoted amount of Rs. 5,93,29,263/- which is 31.76 % above TPAC of Rs. 4,50,27,010/-, shall be placed before Council of Ministers for getting approval, with full justification (however after bringing down the rate to LMR PAC (as the negotiated single bid is reported as 16.18% above TPAC based on LMR)

'This has the approval of Hon'ble Minister (Finance)'"

10. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

'ഈ കേസ് അഞ്ചിൽ കൂടുതൽ പ്രാവശ്യം ടെണ്ടർ ചെയ്തിട്ടുള്ളതും എത്രയോ തവണ എക്സ്റ്റൻഷൻ നൽകിയിട്ടുള്ളതും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും ടെണ്ടർ വിളിച്ചിട്ടുള്ളതുമാണ്. കൂടാതെ ടോളറൻസ് ലിമിറ്റിനേക്കാൾ ലോക്കൽ മാർക്കറ്റ് റേറ്റിന് വലിയ വ്യത്യാസം കാണുന്നില്ല എന്നത് PRICE സംവിധാനത്തിൽ എൽ.എം.ആർ നിശ്ചയിക്കുന്നതിൻറെ പോരായ്മകൾ ചൂണ്ടിക്കാട്ടുന്നു. ടിയാൻ ഇതിനകം തന്നെ

നെഗോഷ്യയേഷൻ നടത്തി തുക കുറച്ചിട്ടുള്ളതാണ്. ഇനിയും കുറയ്ക്കാൻ ടിയാൻ തയ്യാറല്ല. ഈ പ്രവർത്തി മറ്റ് പ്രവൃത്തികളുടെ കൂടെ ഭാഗമായതിനാൽ സ്കീം ഫംഗ്ഷൻ ചെയ്യുന്നതിന് ടി പ്രവൃത്തിയുടെ ആവശ്യമുണ്ട്. മേൽ സാഹചര്യത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"JJM - Aryanadu and Uzhamalakkal panchayaths- Supply, laying, testing and commissioning of 300mm DI K9 Clear Water Gravity Main from WTP to 9LL OHSR at Pallivetta - Pipeline Work" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. ശ്രീകുമാർ. എസ്, അശ്വതി, പാലൂർക്കോണം, പാറശ്ശാല, തിരുവനന്തപുരം" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 31.76% അധികരിച്ച തുകയായ 5,93,29,263/- രൂപയ്ക്ക് (അഞ്ച് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;